"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. കുട്ടിയമ്മയുടെ വീട്ടു നിർമ്മിക്കാൻ അനുയോജ്യമല്ലാത്ത സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട്, ടിയാളെ ലൈഫ് ഭൂരഹിതഭവനരഹിത പട്ടികയിൽ ഉൾപ്പെടുത്തി, ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1684/2025/LSGD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-
1. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ 10/07/2024 തീയതി നടന്ന അടിയന്തര യോഗത്തിലെ 1(9) നമ്പർ തീരുമാനം
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 24/04/2025 ലെ യോഗത്തിന്റെ ഖണ്ഡിക 4.38 തീരുമാനം

**<u>ഉത്തരവ്</u>**

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന രഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ക്രമ നമ്പർ 103 ആയി ഉൾപ്പെട്ടിരുന്ന കമ്പനിമലയിൽ ആലാപ്പാറ, വെറ്റിലപ്പാറ യിലെ ശ്രീമതി. കുട്ടിയമ്മയുടെ കൈവശമുള്ള ഭൂമി 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ ഉരുൾപ്പൊട്ടിയ സ്ഥലത്തോട് ചേർന്ന് ആയതിനാൽ വീട്ടു വയ്ക്കാൻ അനുയോജ്യമല്ല എന്നും ശ്രീമതി. കുട്ടിയമ്മയെ ലൈഫ് ഭവന രഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ പരാമർശം 1 പ്രകാരം തീരുമാനിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24/04/2025 ലെ യോഗം ഈ വിഷയം പരിശോധിച്ച് ഭൂരഹിത ഭവന രഹിതരുടെ പട്ടികയിലേക്ക് മാറ്റുമ്പോൾ പ്രത്യേകമായ മുൻഗണന നൽകേണ്ടതില്ല, വീട് വയ്ക്കാൻ അനുയോജ്യമല്ലാത്തസ്ഥലം ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് വേണം അനുയോജ്യമായ സ്ഥലം കണ്ടെത്തി വീട് നൽകേണ്ടത് എന്നീ വ്യവസ്ഥകളിൽ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. കുട്ടിയമ്മയുടെ വീട്ടു നിർമ്മിക്കാൻ അനുയോജ്യമല്ലാത്ത

സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട്, ടിയാളെ ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെടുത്തി, ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ശ്രീമതി. കുട്ടിയമ്മ( സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്.

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sheeba. S. C
Date: 07-07-2025 11:22:26
സെക്ഷൻ ഓഫീസർ